പുനർജ്ജനി എന്നിങ്ങനെയുള്ള പ്രമുഖ പദ്ധതികളുടെയെല്ലാം പഠനങ്ങൾ സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ചികിത്സാ പ്രോട്ടോക്കോൾ വരുന്ന മുറയ്ക്ക് സംസ്ഥാന തലത്തിലും മാറ്റങ്ങൾ വരുത്താറുണ്ട്. ടാസ്ക് ഫോഴ്സിൽ ആയുർവേദ ചികിത്സാ വിദഗ്ധരെ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സർക്കാർ ആശുപത്രികളിലുള്ള സൗകര്യങ്ങൾ

239 (3266) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 ആദ്യമായി റിപ്പോർട്ട് ചെയ്തപ്പോൾ സർക്കാർ മേഖലയിൽ ആകെ എത്ര വെന്റിലേറ്റർ, ഐ.സി.യു. കിടക്കകൾ എന്നിവ നിലവിലുണ്ടായിരുന്നു; ഇപ്പോൾ ഇവയുടെ എണ്ണം എത്രയാണ്; ആശുപത്രികൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കോവിഡ്-19 റിപ്പോർട്ട് ചെയ്യപ്പെട്ട ശേഷം സർക്കാർ മേഖലയിൽ ആകെ എത്ര വെന്റിലേറ്റർ, ഐ.സി.യു. കിടക്കകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് കോവിഡ്-19 ആദ്യമായി റിപ്പോർട്ട് ചെയ്തപ്പോൾ സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 971 വെന്റിലേറ്ററുകളും 1662 ഐ.സി.യു. കിടക്കകളും ഉണ്ടായിരുന്നു. നിലവിൽ ജൂലൈ 2021-ലെ കണക്കുപ്രകാരം 2145 വെന്റിലേറ്ററുകളും 3367 ഐ.സി.യു. കിടക്കകളുമുണ്ട്. ആശുപത്രി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കോവിഡ്-19 മൂന്നാംതരംഗം നേരിടുന്നതിന് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര വീതം വെന്റിലേറ്റർ, ഐ.സി.യു. കിടക്കകൾ പുതുതായി അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ ഈ സൗകര്യം ഏതെല്ലാം ആശുപത്രികളിൽ എത്ര എണ്ണം വീതം അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(സി&ഡി) മെഡിക്കൽ കോളേജുകളിൽ 10 ബെഡുകളുള്ള പീഡിയാട്രിക് ഐ.സി.യു.-കളും, താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ എച്ച്.ഡി.യു.-കളും സ്ഥാപിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോന്നുവീതം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ 10 ബെഡുകളുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly